## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

20.10.2016 ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ T 3762

### ഇടുക്കി മാങ്കുളം വില്ലേജിൽ ഭൂരഹിത കർഷകർക്ക് ഭൂമി

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇടുക്കി ദേവികുളം മാങ്കുളം വില്ലേജിൽ ഭൂരഹിത കർഷകർക്ക് ഭൂമി പതിച്ച് നൽകുന്നതിനായി 1977 ലെ കെ.ഡി.എച്ച്. നിയമപ്രകാരം എത്ര ഏക്കർ സ്ഥലം മാറ്റിവെച്ചിട്ടുണ്ടായിരുന്നു; വിശദമാക്കുമോ; | (എ) കണ്ണൻ ദേവൻ പ്രോഡ്യൂസ് കമ്പനിയിൽ നിന്നും 1971 ലെ കെ.ഡി.എച്ച് ഭൂമി വീണ്ടെടുക്കൽ നിയമ പ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്തതിൽ മാങ്കുളം പ്രദേശത്തുള്ള 5189 ഏക്കർ ഭൂമിയാണ് ഭൂരഹിതർക്ക് പതിച്ച നൽകുന്നതിനായി പ്രത്യേകം നീക്കി വച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത സ്ഥലം ഭൂരഹിതർക്ക് പതിച്ച് നൽകുന്ന നടപടി ഏതു ഘട്ടത്തിലാണ്;<br>(സി) ഭൂരഹിത കർഷകർക്ക് ഭൂമി പതിച്ച് നൽകുന്ന പദ്ധതി ത്വരിതപ്പെടുത്തുമോ? | (ബി) യും (സി) യും<br>524 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമിയിൽ 1016 പേർക്ക് പട്ടയം അനുവദിക്കാനായുള്ള ഗുണഭോക്തൃ ലിസ്റ്റ് 1998 ൽ പുറപ്പെടുവിച്ചുവെങ്കിലും കോടതി കേസുകളും, പ്രദേശത്തു നടക്കുന്ന ഫോറസ്റ്റ് സെറ്റിൽമെന്റ് സർവ്വെ നടപടികളും കാരണം ഇപ്പോൾ പതിവ് നടപടികൾ നടക്കുന്നില്ല. ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികളുടെ ഭാഗമായി മാങ്കുളം റിസർവ്വ് വനത്തിന്റെ അതിർത്തികൾ നിശ്ചയിക്കാനുള്ള സർവ്വെ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

Srindhya

സെക്ഷൻ ഓഫീസർ